Reg. No.................................

Name.....................................

**S.U. 2946**

# M.A. ENTRANCE EXAMINATION, MAY 2021

## മലയാളം

സമയം : രണ്ടു മണിക്കൂർ

മാർക്ക് 100

**I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക**

1. 'ചാപ്പുണ്ണിനായർ' ഏതു നോവലിലെ കഥാപാത്രമാണ്?
2. പുനത്തിൽകുഞ്ഞബ്ദുള്ളയ്ക്ക് വയലാർ അവാർഡു നേടിക്കൊടുത്ത കൃതി?
3. സാഹിത്യകൃതിയെ അടിസ്ഥാനമാക്കി നിർമിച്ച മലയാളത്തിലെ ആദ്യ സിനിമ?
4. 'ഛത്രവും ചാമരവും' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?
5. "വെളിച്ചം ദുഃഖമാണുണ്ണീ-
   തമസ്സല്ലോ സുഖപ്രദം"- ഏതു കവിതയിലെ വരികൾ?
6. കേരളസംസ്ഥാനരൂപീകരണം നടന്ന വർഷം?
7. ഉണ്ണുനീലിസന്ദേശം പ്രസിദ്ധീകരിച്ച മാസികയേത്?
8. 'ഖസാക്കിന്റെ ഇതിഹാസം' നാടകമാക്കി അവതരിപ്പിച്ചത് ആര്?
9. ജോസഫ് റബ്ബാന കൊടുത്ത ജൂതപ്പട്ടയം ഏതു കേരളഭരണാധികാരിയുടെ കാലത്താണ്?
10. മുക്കണ്ണൻ - ഏതു സമാസം?

(10x2 = 20)

**II. രണ്ടു പുറത്തിൽ കവിയാതെ നാലെണ്ണത്തിന് ഉത്തരമെഴുതുക**

11. ന്യൂ ജനറേഷൻ സിനിമകൾ നായകസങ്കൽപത്തിൽ വരുത്തിയ മാറ്റമെന്ത്?
12. ഭാഷാഗോത്രസങ്കല്പം വിശദീകരിച്ച് പ്രധാന ഭാഷാഗോത്രങ്ങൾ പരിചയപ്പെടുത്തുക
13. മലയാളഗദ്യവികാസത്തിൽ മിഷനറിമാർക്കുള്ള പങ്കെന്ത്?
14. മലയാളനാടകചരിത്രത്തിൽ തോപ്പിൽഭാസിയുടെ നാടകങ്ങൾക്കുള്ള സ്ഥാനം വിലയിരുത്തുക?
15. ബഷീർകൃതികളിലെ മാനവികതയുടെ സ്വഭാവമെന്ത്? സന്ദർഭങ്ങൾ മുൻനിർത്തി വിശദീകരിക്കുക.
16. സമൂഹമാധ്യമങ്ങളുടെ സാംസ്കാരികഫലങ്ങൾ ചർച്ച ചെയ്യുക

(4x10 = 40)

**III. നാലു പുറത്തിൽ കവിയാതെ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക**

17. ഇരുപതാം നൂറ്റാണ്ടിൽ മലയാളകവിതയിൽ ഉണ്ടായ ഭാവുകത്വപരിണാമത്തിൽ കുമാരനാശാൻ വഹിച്ച പങ്കെന്ത്?
18. മലയാളചലച്ചിത്രഗാനങ്ങൾക്ക് കേരളസംസ്കാരചരിത്രവുമായുള്ള ബന്ധം പരിശോധിക്കുക
19. ദളിത് സാഹിത്യം, പെണ്ണെഴുത്ത് ഇവ എന്തെന്നു നിർവചിച്ച് അവയുടെ സാഹിത്യചരിത്ര പ്രാധാന്യം വ്യക്തമാക്കുക

(2x20 = 40)